FBRC

FAROOK COLLEGE LIBRARY
4 JUL 1988
FAROOK COLLEGE CALICUT



# 'സ്വദേശാഭിമാനി' പ്രസ്ഥാനത്തിൻെറ മൂവർസംഘം

'സ്വദേശാഭിമാ പ്രസ്ഥാനം കൊണ്ട് ഉദ്ദേശിക്കുന്നത് കെ. രാമകൃഷ്ണപിള്ള 1899-ൽ തുടങ്ങി മെല്ലെമെല്ലെ ചൂടിപ്പിച്ച് ഊക്കു കൂട്ടിപ്പോന്ന, 1906 മുതൽ 1910 വ 'സ്വദേശാഭിമാനി' പത്രം വഴി ഉച്ചണ്ഡമാക്കിത്തീർത്ത വിപ്ലവസംരംഭത്തെയാണ്. കേരളത്തിൽ രാഷ്ട്രീയ-സാമൂഹിക പരിവർത്തനം സാധിക്കുന്നതിനടത്തിയ ഈ ആദ്യശ്രമം തിരിഞ്ഞുനോക്കുമ്പോ ഒരു മഹാപ്രസ്ഥാനത്തിൻെറ മാനവും പരിവേഷവും കൈക്കൊണ്ടിരുന്നതായി ബോധ്യപ്പെടും. ഉന്നല്ല, രാമകൃഷ്ണപിള്ളക്കു പുറമെ രണ്ട് തികായന്മാർകൂടി ഒരു മൂവർ സംഘമായി ആ സ്ഥാനത്തിൻെറ വിധാതാക്കളായി നമ്മുടെ മുൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു.

ടി. ഞ്ഞേുഗോപാലൻ







[illegible]

'സ്വദേശാഭിമാനി'
പേജ് തുടർച്ച

........... സാമ്പത്തികവ്യവ
സ്ഥിലാക്കേണ്ടതിനെക്കുറിച്ചുള്ള കാഴ്ചപ്പാട്
സ്ഥിതി........ വ്യക്തമാക്കിയിട്ടില്ല.
കുർആൻ നിർദേശിക്കുന്ന സക്കാ
ത്ത് എന്ന ദാനകർമം വഴി സാധിക്കാ
വുന്ന രക്ഷാകർതൃസ്വഭാവമുള്ള,
പക്ഷെ വ്യവസ്ഥിതി മാറ്റാൻ ഉപകരി
ക്കാത്ത, ഒരു തരം ഫ്യൂഡൽ സോഷ്യ
ലിസത്തിൽ ഒതുങ്ങി, മൗലവിയുടെ
സാമ്പത്തികദർശനം. ശരിക്കുള്ള
സോഷ്യലിസം അപ്രായോഗികമെന്നു
തന്നെ അദ്ദേഹം കരുതി. രാമകൃഷ്ണ
പിള്ളയും ഭാരതീയപരമ്പര്യത്തിൽനി
ന്ന് ഊറിക്കിട്ടിയ സമസൃഷ്ടി സ്നേ
ഹപരമായ ഫ്യൂഡൽ സോഷ്യലിസ
ത്തെ ലാളിച്ചു........ കുചേലവൃ
ത്തം ലാളിച്ചിട്ടുള്ള സമഭാവനയുടെ
.......ത്യം അറിഞ്ഞ് അദ്ദേഹം അതി
നെ ആശീർവദിച്ചിരുന്നു. പക്ഷെ,
അവിടെ തങ്ങി നിൽക്കാതെ ശാസ്
ത്രീയ സോഷ്യലിസത്തിലേയ്ക്കുത
ന്നെ നീങ്ങി അദ്ദേഹം, അവസാനം,
മാർക്സിയൻ സാമ്പത്തികദർശന
ത്തിൽ എത്തിച്ചേരുകയും ചെയ്തു.

### ആശയപ്പൊരുത്തം

മൂന്നു പേരും വനിതോദ്ധാരണ
ത്തിൽ ഉൽസുകരായിരുന്നു. സ്ത്രീ
കൾ പഠിച്ച് രാഷ്ട്രീയ പ്രബുദ്ധരായി
സ്വാതന്ത്ര്യലബ്ധിവരെ വിവാഹം മാ
റ്റിവെച്ച് ദേശീയ പ്രസ്ഥാനത്തിൽ
പങ്കാളികളാവുന്ന അവസ്ഥയാണ് കു
രുക്കൾ 'ഉദയഭാനു' എന്ന നോവലിൽ
വിഭാവനം ചെയ്യുന്നത്. രാമകൃഷ്ണ
പിള്ള തികഞ്ഞ സ്ത്രീസ്വാതന്ത്ര്യവാ
ദിയായിരുന്നു. സ്ത്രീകളുടെ ഉദ്ധാര
ണത്തിന്ന് 'ശാരദ' എന്ന വനിതാ മാ
സിക നടത്തിയ ആളാണ് അദ്ദേഹം.
ഇംഗ്ലണ്ടിലേയും മറ്റും വനിതാ സ്വാത
ന്ത്ര്യപ്രക്ഷോഭങ്ങളെ വാർത്താനിവേദ
നം വഴിയും മുഖപ്രസംഗങ്ങൾവഴി
യും അദ്ദേഹം ആശീർവദിച്ചുകൊണ്ടു
മിരുന്നു. മൗലവിയാകട്ടെ, ഖുർ-ആൻ
സ്ത്രീകൾക്കു കൽപിക്കുന്ന ഉയർന്ന
പദവിയെപ്പറ്റി സ്വസമുദായക്കാരെ
സദാ ഓർമിപ്പിച്ചുകൊണ്ടിരുന്നു. സ്
ത്രീകളുടെ ബോധവൽകരണത്തിനാ
യി, അവർക്കുമനസ്സിലാവുന്ന അറബി
മലയാളത്തിൽ പല വിഷമങ്ങളും
സഹിച്ച് 'അൽ-ഇസ്ലാം' എന്ന പത്ര
മാസിക നടത്തിപ്പോന്ന ആളാണ്
അദ്ദേഹം.

അടിസ്ഥാനപരമായ ഈ ആശയ
പ്പൊരുത്തത്തിൽ നിന്നാണ് 'സ്വദേശാ
ഭിമാനി' പ്രസ്ഥാനത്തിൻെറ വികാ
സം രാമകൃഷ്ണപിള്ളയുടെ പേന
ത്തുമ്പിലൂടെ ബഹിർഗമിച്ച് രാജ്യം മു
ഴുവൻ നിറഞ്ഞു നിന്ന ആ ശക്തി
പ്രതിഭാസത്തിൻെറ ചരിതം മനസ്സിലാ
ക്കാൻ മൂന്നു പേരുടേയും ഔന്നത്യ
ങ്ങളെ വെവ്വേറെ നോക്കി വിലയിരു
ത്തിയേ പറ്റൂ. 'സ്വദേശാഭിമാനി' രാമ
കൃഷ്ണപിള്ള ഇന്നു പ്രസിദ്ധനാണ്.
'സ്വദേശാഭിമാനി' പത്രത്തിൻെറ ഉടമ
എന്ന നിലയ്ക്ക് വക്കം മൗലവിയെ
യും കുറച്ചൊക്കെ കേട്ടുകാണും. കെ.